"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019 - മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിലെ ഒഴുകൂർ ഗവണ്മെന്റ് യു.പി. സ്കൂളിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചട്ടം 3(4)(എ) പ്രകാരം ഇളവനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.553/2026/LSGD തീയതി, തിരുവനന്തപുരം, 02-03-2026

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 29-12-2025-ലെ LSGD/PD/12814/2025-TCPA1 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ മൊറയൂർ ഗ്രാമ പഞ്ചായത്തിലെ ഒഴുകൂർ ഗവണ്മെന്റ് യു പി സ്കൂളിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് ലഭ്യമാക്കണമെന്നവശ്യപ്പെട്ട് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിന്മേൽ പരാമർശപ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. പ്രസ്തുത സ്കൂൾ കെട്ടിടം കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 220(ബി) ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഇളവ് ആവശ്യപ്പെടുന്ന കെട്ടിടം സർക്കാർ സ്കൂൾ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും മൊറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി സ്ഥലത്തു 3 ബ്ലോക്കുകളിലായി ക്ലാസ് മുറികളും 9 ബ്ലോക്കുകളിലായി ടോയ് ലെറ്റും ഒരു കിച്ചൺ ബ്ലോക്കും, മറ്റു രണ്ടു കെട്ടിടങ്ങളും ഉൾപ്പടെ 15 കെട്ടിടങ്ങൾ നിലവിലുണ്ടെന്നും, ഇവയിൽ ഒരു ക്ലാസ് റൂം ബ്ലോക്കും അടുക്കളയും മറ്റു രണ്ടു കെട്ടിടങ്ങളും 6 ടോയ് ലെറ്റ് ബ്ലോക്കും പൊളിച്ചു കളയാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നും, ഒരു ക്ലാസ് റൂം ബ്ലോക്ക് പുതുതായി നിർമ്മിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നതായും, പല സ്ഥലങ്ങളിലും ഷീറ്റ് റൂഫ് കൊടുത്തതായി സ്ഥലപരിശോധനയിൽ ശ്രദ്ധയിൽ പെട്ടെന്നും, ആയത് സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥലത്ത് മാസ്റ്റർ പ്ലാനുകളോ DTP സ്കീമുകളോ നിലവിലില്ലെന്നും ജില്ല നഗരാസൂത്രകൻ അറിയിച്ചിട്ടുണ്ടെന്നും പരാമർശപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. മേൽപ്പറഞ്ഞ ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 23(2) - തെരുവിൽ നിന്നുള്ള അകലം, ചട്ടം 26(4) - സെറ്റ്ബാക്ക്, ചട്ടം 26(5) - കെട്ടിടങ്ങൾ തമ്മിലുള്ള അകലം, ചട്ടം 27(1) കവറേജ് എന്നീ ചട്ടലംഘനങ്ങളിൽ ഉൾപ്പെട്ടു കാണുന്നുവെന്നും ഈ അനധികൃതഷീറ്റ് റൂഫ് നിർമ്മാണങ്ങൾ നീക്കം ചെയ്താൽ ചട്ടം 26(4) - സെറ്റ്ബാക്ക്, ചട്ടം 26(5) - കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവയുടെ ലംഘനങ്ങൾ ഒഴിവാകുകയും ചട്ടം 27(1) കവറേജ്, ചട്ടം 23(2) തെരുവിൽ നിന്നുള്ള അകലം എന്നീ ചട്ടങ്ങളുടെ ലംഘനത്തിന്റെ തോത് ഗണ്യമായി കുറയുകയും ചെയ്യുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ചട്ടം 23(2) - തെരുവിൽ നിന്നുള്ള അകലം (Prohibition for constructions abutting public roads/streets), ചട്ടം 26(4) സെറ്റ്ബാക്ക്, ചട്ടം 27(1) കവറേജ്, ചട്ടം 28(1)-ന്റെ 9-ാം പ്രൊവൈസോ പ്രകാരമുള്ള ഇന്റേണൽ അക്സസ്സും കെട്ടിടവും തമ്മിലുള്ള അകലം എന്നീ ചട്ടങ്ങളിലാണ് ഇളവ് ആവശ്യമായി വരുന്നതെന്നും ചീഫ് ടൗൺ പ്ലാനർ അറിയിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾക്ക് ഇളവ് നൽകുന്നത് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനർ ചുവടെപ്പറയും പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

**1. <u>ചട്ടം 23 (2) - തെരുവിൽ നിന്നുള്ള അകലം (Prohibition for constructions abutting public roads/streets)</u>**

സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിലവിലുള്ളതും 03/410 കെട്ടിട നമ്പറുള്ളതുമായ ബ്ലോക്ക് ബി കെട്ടിടത്തിന്റെ ഭാഗമായി തെക്കുഭാഗത്തുള്ള ടോയ്ലെറ്റ്, പ്ലോട്ടിന്റെ തെക്ക് ഭാഗത്തുള്ള അനുബന്ധമായ ടോയ്ലെറ്റ്-2, ടോയ്ലെറ്റ്-3 ബ്ലോക്കുകൾ എന്നിവയ്ക്കു 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 23(2) പ്രകാരം തെരുവിനോട് ചേർന്നുള്ള പ്ലോട്ടതിരിൽ നിന്ന് 3.0 മീറ്റർ അകലം ആവശ്യമായിടത്ത് യഥാക്രമം 1.30m, 2.00m, 1.80m എന്നിങ്ങനെയാണ് ലഭ്യമായിട്ടുള്ളതെന്നും, പ്ലോട്ടതിരിനോട് ചേർന്നുള്ള റോഡിന് 8 മീറ്റർ കുറഞ്ഞ വീതിയുണ്ടെന്നും ജില്ലാ നഗരാസൂത്രകൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്ലോട്ടിന്റെ കിഴക്ക് ഭാഗത്തുള്ള ഷീറ്റ് ഏരിയ-3 ആ വശത്തുള്ള റോഡിനോട് ചേർന്നാണ് നിർമ്മിച്ചിട്ടുള്ളത്. മറ്റ് ചട്ടലംഘനങ്ങൾക്കും കാരണമാകുന്ന സാഹചര്യത്തിൽ ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ നീക്കം ചെയ്യേണ്ടതാണെന്ന നിബന്ധന ഏർപ്പെടുത്താവുന്നതാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 220(ബി) ഉൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതിനാലും നിലവിലുള്ള അംഗീകൃത കെട്ടിടത്തിന്റെ (കെട്ടിട നമ്പർ-03/410) ഭാഗമാണെന്നത് പരിഗണിച്ച് ബ്ലോക്ക് ബി കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടോയ്ലെറ്റിന്റെ കാര്യത്തിലും തെക്കു ഭാഗത്ത് നിലവിലുള്ള ടോയ്ലെറ്റ്-2, ടോയ്ലെറ്റ്-3 എന്നിവയുടെ കാര്യത്തിൽ ചട്ടപ്രകാരം ആവശ്യമായ അകലത്തിന്റെ 60 ശതമാനത്തിലധികം ലഭിക്കുന്നെണ്ടെന്നതും സാനിറ്റേഷൻ സൗകര്യങ്ങൾ ടി

സർക്കാർ സ്കൂളിനെ സംബന്ധിച്ച് അവിഭാജ്യഘടകം ആയതിനാലും പ്രസ്തുതനിർമ്മാണങ്ങളുടെ കാര്യത്തിൽ ചട്ടത്തിൽ ഇളവ് നൽകാവുന്നതാണ്.

**2. 26(4) - സെറ്റ്ബാക്ക്**

സൈറ്റ് പ്ലാനിൽ കാണിച്ചിട്ടുള്ള ഷീറ്റ് ഏരിയ-3, പ്ലോട്ടിന്റെ കിഴക്കു ഭാഗത്തെ റോഡിന്റെ ഭാഗത്ത് പ്ലോട്ടതിരിനോട് ചേർന്നാണ് നിർമ്മിച്ചിരിക്കുന്നത്. ആയതിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 26(4) പ്രകാരം നൽകേണ്ട മതിയായ അങ്കണം കിഴക്കുവശത്ത് ലഭ്യമല്ല. ടി ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ കാരണം മറ്റ് ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതിനാലും ഷീറ്റ് ഏരിയ-3 നിർമ്മാണം നടത്തിയിട്ടുള്ളത് റോഡരികിനോട് ചേർന്നാണ് എന്നതിനാലും ആയത് നീക്കം ചെയ്താൽ ഈ ചട്ടലംഘനം ഒഴിവാകുമെന്നതും പരിഗണിച്ച് ഈ ചട്ടത്തിന്റെ കാര്യത്തിൽ ഇളവ് നൽകേണ്ടതില്ല. പ്രസ്തുത ഷീറ്റ് റൂഫ് നിർമ്മാണം നീക്കം ചെയ്യേണ്ടതാണ്.

**3. ചട്ടം 27 (1) Coverage**

ടി സ്കൂൾ കോമ്പൗണ്ടിൽ നിലവിലുള്ള ടോയ്‌ലെറ്റുകൾ ഉൾപ്പെടെയുള്ള ചില നിർമ്മിതികൾ പൊളിച്ചു നീക്കുന്നതായി പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നിട്ടും പ്ലോട്ടിലെ ആകെ കവറേജ്, ഷീറ്റ് ഏരിയ ഉൾപ്പടെ 53.96% ആണെന്നും ഷീറ്റ് ഏരിയ ഒഴിവാക്കിയാൽ 40.15% ആണെന്നും ജില്ലാ ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂളിന്റെ പ്ലോട്ടിൽ നിന്നും ഏകദേശം 250 മീറ്റർ ദൂരം മാറി നിലവിൽ ഒരു കളിസ്ഥലം ഉള്ളതായി അധികൃതർ അറിയിച്ചിട്ടുണ്ടെങ്കിലും സ്കൂൾ കോമ്പൗണ്ടിൽ നിന്നും മാറി കിടക്കുന്നതിനാലും ഉടമസ്ഥാവകാശരേഖകൾ ഹാജരാക്കാത്തതിനാലും ആയത് കവറേജ് കണക്കാക്കുന്നതിനു പരിഗണിക്കാൻ നിർ വ്വാഹമില്ലാത്തതാണ്. സൈറ്റ് പ്ലാൻ പരിശോധിക്കുമ്പോൾ ടി സ്കൂൾ കോമ്പൗണ്ടിൽ സ്ഥലപരിമിതി ഉള്ളതായി കാണുന്നു. അനധികൃത ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ ഒഴിവാക്കിയാൽ പ്ലോട്ടിലെ കവറേജ് 40.15% ആയി കുറയുന്നതാണ്. അങ്ങനെ വരുമ്പോൾ, ചട്ടപ്രകാരം അനുവദനീയമായ 35 ശതമാനത്തേക്കാൾ 5.15% മാത്രമേ കവറേജ് അധികമാകുന്നുള്ളൂ. ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ ഒഴിവാക്കണമെന്ന നിബന്ധന ഏർപ്പെടുത്തിക്കൊണ്ടും പ്ലോട്ടിലെ സ്ഥലപരിമിതി കണക്കിലെടുത്തു കൊണ്ടും സർക്കാർ സ്കൂൾ കെട്ടിടം എന്ന പരിഗണന നൽകി ടി ചട്ടത്തിൽ ഇളവ് നൽകാവുന്നതാണ്.

**4. ചട്ടം 28(1)- ലെ 9-ാം പ്രൊവൈസോ പ്രകാരം ഇന്റേണൽ അക്സസ്സും കെട്ടിടവും തമ്മിലുള്ള അകലം**

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 28 പ്രകാരം 3.60 മീറ്റർ വീതിയുള്ള പ്രവേശനമാർഗ്ഗം ആണ് സ്കൂളിലേക്ക് ആവശ്യമായിട്ടുള്ളത്. സമർപ്പിച്ച പ്ലാനുകളിൽ 5.0 മീറ്റർ ഇന്റേണൽ അക്സസ്സ് ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. സമർപ്പിച്ചിരിക്കുന്ന പ്ലാനിൽ നിലവിലുള്ള കെട്ടിടമായ

ബ്ലോക്ക് - ബി, വിഭാവിത കെട്ടിടമായ ബ്ലോക്ക് - സി എന്നിവ തമ്മിൽ 7.50 മീറ്റർ അകലമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ നിന്നും ചട്ടപ്രകാരം ആവശ്യമായ 3.60 മീറ്റർ ഇന്റേണൽ അക്സസ്സ് വീതി കുറച്ചാൽ, ഒരു കെട്ടിടത്തിലേക്ക് 2 മീറ്റർ അകലവും മറ്റേ കെട്ടിടത്തിലേക്ക് 1.90 മീറ്റർ അകലവുമാണ് ഇന്റേണൽ റോഡിൽ നിന്നും ശേഷിക്കുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്റേണൽ അക്സസ്സിൽ നിന്നും ഒരു കെട്ടിടത്തിലേക്ക് ചട്ടം 28(1) ലെ 9-ാം പ്രോവൈസോ പ്രകാരം ആവശ്യമായ 2.0 m. ദൂരത്തിൽ 10 cm മാത്രം കുറവാണുള്ളത്. ഈ സാഹചര്യത്തിൽ, പരാമർശിത കെട്ടിടങ്ങളുമായി ബന്ധപ്പെട്ട മറ്റിടങ്ങളിൽ ഇന്റേണൽ അക്സസ്സുമായി ചട്ടപ്രകാരം പാലിക്കേണ്ട കുറഞ്ഞ അകലം 2.0 m. പാലിക്കപ്പെടുന്നതിനാൽ, കുറവുള്ള ഭാഗത്തിന് ടി ചട്ടത്തിന്റെ കാര്യത്തിൽ ഇളവ് നൽ കാവുന്നതാണ്. ഷീറ്റ് ഏരിയ-2 നിർമ്മാണം കാരണവും ടി ചട്ടത്തിന്റെ ലംഘനം വരുന്നതിനാൽ പ്രസ്തുത ഷീറ്റ് റൂഫ് നിർമ്മാണം നീക്കം ചെയ്യണമെന്ന നിബന്ധന ഏർപ്പെടുത്തേണ്ടതാണ്.

**5. ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം**

പ്രസ്തുത ചട്ടപ്രകാരം 10 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടമുണ്ടെങ്കിൽ കെട്ടിടങ്ങൾ തമ്മിൽ 3 മീറ്റർ അകലവും 10 മീറ്ററിൽ താഴെ ഉയരമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ 2 മീറ്റർ അകലവും ആവശ്യമാണ്. പ്ലോട്ടിൽ ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ ഉള്ളതിനാൽ പ്രസ്തുത ചട്ടലംഘനം നിലനിൽക്കുന്നു. ഈ ഷീറ്റ് റൂഫ് നിർമ്മാണങ്ങൾ മറ്റ് ചട്ടലംഘനങ്ങൾക്കും കാരണമാകുന്നതിനാൽ അവ ഒഴിവാക്കണമെന്ന നിബന്ധന ഏർപ്പെടുത്തിക്കൊണ്ട് ഈ ചട്ടലംഘനം പരിഹരിക്കാവുന്നതാണ്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമ പഞ്ചായത്തിലെ ഒഴുകൂർ ഗവൺമെന്റ് യു. പി. സ്കൂളിലെ സ്ഥലപരിമിതി പരിഗണിച്ചും ഗ്രാമീണമേഖലയിലെ പൊതുവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കേണ്ടതിനാലും സ്കൂൾ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ട ആവശ്യത്തിലേക്കായി, ചീഫ് ടൗൺ പ്ലാനറുടെ ശിപാർശ പരിഗണിച്ച്, 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ (KPBR 2019) ചട്ടം 3(4)(എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടി ചട്ടങ്ങളുടെ ചട്ടം 23 (2) - തെരുവിൽ നിന്നുള്ള അകലം (Prohibition for constructions abutting public roads/streets), ചട്ടം 27(1) -കവറേജ്, ചട്ടം 28(1)-ന്റെ 9-ാം പ്രൊവൈസോ - ഇന്റേണൽ അക്സസ്സും കെട്ടിടവും തമ്മിലുള്ള അകലം എന്നീ ചട്ടങ്ങളിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

**നിബന്ധനകൾ:**

1. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 3(4)(എ) പ്രകാരം ഇളവ് അനുവദിക്കുന്ന കെട്ടിടം സർക്കാർ സ്കൂൾ ആണെന്നും ആയത് കേരള

പഞ്ചായത്ത് രാജ് ആക്റ്റിലെ 220(ബി) വകുപ്പ് ഉൾപ്പെടെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

2. സർക്കാരിൽ നിന്ന് ഇളവ് അനുവദിക്കുന്ന ചട്ടങ്ങൾ ഒഴികെ മറ്റെല്ലാ കെട്ടിടനിർമ്മാണച്ചട്ടങ്ങളും ബാധകമായ നിയമങ്ങളും പാലിക്കേണ്ടതാണ്.
3. നിയമാനുസൃതം ആവശ്യമായ അനുമതി/ NOC എന്നിവ ലഭ്യമാക്കി മാത്രമേ ബിൽഡിംഗ് പെർമിറ്റ് / ഒക്യുപൻസി എന്നിവ അനുവദിക്കാവൂ.
4. പ്ലോട്ടിന്റെ കവറേജ് അധികരിക്കുന്ന യാതൊരു വിധ നിർമ്മാണവും ഭാവിയിൽ അനുവദനീയമല്ല.
5. അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഷീറ്റ് റൂഫ് നിർമ്മാണങ്ങളും സൈറ്റ് പ്ലാനിൽ പൊളിച്ചു കളയുമെന്ന് രേഖപ്പെടുത്തിയിട്ടുള്ള നിർമ്മാണങ്ങളും നീക്കം ചെയ്യേണ്ടതാണ്. സ്കൂൾ കോമ്പൗണ്ടിൽ അംഗീകൃതമല്ലാത്ത യാതൊരു നിർമ്മാണവുമില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. അപ്രകാരം ഷീറ്റ് നിർമ്മാണങ്ങളും അംഗീകൃതമല്ലാത്ത നിർമ്മാണങ്ങളും ഒഴിവാക്കിക്കൊണ്ട് പ്ലോട്ടിലെ നിർമ്മാണങ്ങൾ 40.15% കവറേജ് ആയി പരിമിതപ്പെടുത്തേണ്ടതാണ്.
6. സ്കൂൾ കോമ്പൗണ്ടിലെ ഭാവിയിലെ നിർമ്മാണങ്ങൾക്ക് 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 5(3)-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻകൂർ അനുമതി വാങ്ങാതെയും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ചു കൊണ്ടും സ്കൂൾ അധികൃതർ അനധികൃതമായി നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത് ഭാവിയിൽ യാതൊരു കാരണവശാലും ആവർത്തിക്കരുത്. അത്തരം അനധികൃത നിർമ്മാണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പഞ്ചായത്ത് സെക്രട്ടറി അതിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സത്വരം കൈക്കൊള്ളേണ്ടതും അക്കാര്യം അടിയന്തിരമായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ജില്ല ടൗൺ പ്ലാനർ, മലപ്പുറം
പ്രസിഡന്റ്, മൊറയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
സെക്രട്ടറി, മൊറയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
പ്രധാനാധ്യാപകൻ, ഗവൺമെൻ്റ് യു. പി. സ്കൂൾ, ഒഴുകൂർ, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(**RB3/328/2023/LSGD**).

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 02-03-2026 15:42:20